# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *479** — **24/10/2016-ൽ മറുപടിക്ക്**

## മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**,, വി.ടി.ബൽറാം** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| **എ)** സംസ്ഥാനത്ത് വില്പന നടത്തുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ സംവിധാനം ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br>**ബി)** ഇല്ലെങ്കിൽ ഇത്തരം ഒരു സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ; | **എ) യും ബി) യും** | നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിച്ചു വരുന്ന രണ്ട് മരുന്നു പരിശോധനാ ലാബറട്ടറികളാണ് ഉള്ളത്. ഇവിടെ പ്രതിവർഷം 8000 ത്തോളം മരുന്നു സാമ്പിളുകൾ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കുന്നുണ്ട് . കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഗുണനിലവാര പരിശോധനാ കണക്കുകൾ പ്രകാരം ഗുണനിലവാരമില്ലാത്ത മരുന്നുകൾ നാല് ശതമാനത്തിൽ താഴെ മാത്രമാണ് വരുന്നത്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണ്. തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ലാബറട്ടറികൾ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇവകൂടി പ്രവർത്തനക്ഷമമാകുന്നതോടെ കേരള വിപണിയിൽ വിറ്റഴിക്കപ്പെടുന്ന ആകെ മരുന്നു ബ്രാൻഡുകളുടെ ഏകദേശം പത്ത് ശതമാനം സാമ്പിളുകളുടെയെങ്കിലും ഗുണനിലവാര പരിശോധന നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| **സി)** സംസ്ഥാനത്ത് വിൽക്കുന്ന എല്ലാ മരുന്നുകളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യണമെന്ന നിയമം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ? | **സി)** | സംസ്ഥാനത്ത് വിൽക്കുന്ന എല്ലാ മരുന്നുകളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യണമെന്ന നിയമം നിലവിലില്ല. കേന്ദ്രനിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിനും അതിനു കീഴിലുള്ള റൂൾസിലും ഭേദഗതി വരുത്തിയാൽ മാത്രമേ ഇതിനു കഴിയുകയുള്ളൂ. അത്തരം ഭേദഗതി വരുത്തുന്നതിനുള്ള അധികാരം കേന്ദ്രസർക്കാറിലാണ് നിക്ഷിപ്തമായിരിക്കുന്നത്. |

Seena (ഒപ്പ്)

**സെക്ഷൻ ഓഫീസർ**